(ബി) അവർക്ക് അടിയന്തിരാശ്വാസ നടപടികളും എത്തിക്കുന്നതിനും സത്വരനടപടികളും സ്വീകരിക്കുന്നകാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) മതിലിടിഞ്ഞുവീണു മരണമടഞ്ഞ കുട്ടികളുടെ (അനിൽ കുമാർ, അനിതാകുമാരി, ബിന്ദുമോൾ) പിതാവ് ശ്രീ. മണിയൻപിള്ളക്ക് പതിനായിരം രൂപ സഹായധനമായി നൽകുകയുണ്ടായി. അപകടത്തിൽ പരിക്കു പറ്റിയ ശ്രീമതിമാർ ചന്ദ്രിക, ഗീത, രാജമ്മ എന്നിവർക്ക് ആയിരം രൂപ വീതം അനുവദിക്കുകയുണ്ടായി. കൂടാതെ, വീടുകൾക്ക് നാശനഷ്ടം സംഭവിച്ച ശ്രീമാൻമാർ കാർമ്മൽ, ചെല്ലപ്പൻ എന്നിവർക്ക് ആയിരത്തി അഞ്ഞൂറുരൂപ വീതവും അനുവദിച്ചു. ഇങ്ങനെ മൊത്തം 16,000 രൂപ മരണമടഞ്ഞവരുടെ ആശ്രിതർക്കും, പരിക്കുപറ്റി ചികിൽസയിൽ കഴിയുന്നവർക്കും, വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്കുമായി അനുവദിക്കുകയുണ്ടായി.

(ബി) അടിയന്തിര ആശ്വാസം നൽകിക്കഴിഞ്ഞു.

സബ് കോടതികൾ

1735. [2617] ശ്രീ. റ്റി. വി. വിജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സബ് കോടതികൾ അനുവദിച്ചിട്ടുണ്ട്; എവിടെയെല്ലാം;

(ബി) കരുനാഗപ്പള്ളിയിൽ സബ് കോടതി അനുവദിച്ചിട്ടും എന്ത് കാരണത്താലാണ് ഇതുവരെ തുടങ്ങാത്തത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആറ് സബ് കോടതികൾ. സുൽത്താൻബത്തേരി, ചേർത്തല, കൊല്ലം, പറവൂർ, തൃശ്ശൂർ, ആറന്മുള.

(ബി) കരുനാഗപ്പള്ളിയിൽ സബ് കോടതി അനുവദിച്ചിട്ടില്ല.

ജയിൽ ചാടിയവർ

1736 [2618] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982 മേയ് 24-ാം തീയതിക്കുശേഷം സംസ്ഥാനത്തുള്ള ജയിലുകളിൽനിന്ന് ആരെങ്കിലും ജയിൽ ചാടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേർ ജയിൽ ചാടിയിട്ടുണ്ടെന്നും ഏതു ജയിലുകളിൽ നിന്നെന്നും വ്യക്തമാക്കുമോ;

(സി) 1982 മേയ് മാസം 24-നു ശേഷം സബ് ജയിലുകളിൽ വച്ച് ആരെങ്കിലും മരണപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്രപേർ; ഏതു ജയിലുകളിൽ;

(ഇ) മരണപ്പെട്ടവരുടെ പേരുവിവരം വ്യക്തമാക്കാമോ;

(എഫ്) പതിനാലുകൊല്ലം കഴിഞ്ഞിട്ടും, ഇപ്പോഴും ജയിലിൽ കഴിയുന്ന എത്ര തടവുകാർ സംസ്ഥാനത്ത് ഉണ്ടെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ആകെ 20 പേർ ജയിൽ ചാടിയിട്ടുണ്ട്. അവരെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

സെൻട്രൽ ജയിൽ,	തിരുവനന്തപുരം	.. 6
,,	കണ്ണൂർ	.. 2
,,	വിയ്യൂർ	.. 6
ജില്ലാ ജയിൽ,	കോഴിക്കോട്	.. 1
സബ് ജയിൽ,	പീരുമേട്	.. 1
,,	ആലത്തൂർ	.. 1
,,	തിരുവനന്തപുരം	.. 1
,,	മീനച്ചിൽ	.. 1
,,	ചാവക്കാട്	.. 1
	ആകെ	20

(സി) ഉണ്ട്.

(ഡി) 32 പേർ. അവരെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

സെൻട്രൽ ജയിൽ,	തിരുവനന്തപുരം	.. 6
,,	വിയ്യൂർ	.. 2
,,	കണ്ണൂർ	.. 11
ഡിസ്ട്രിക്ട് ജയിൽ,	കോഴിക്കോട്	.. 1
സ്പെഷ്യൽ സബ് ജയിൽ,	വിയ്യൂർ	.. 1
സബ് ജയിൽ,	തിരുവനന്തപുരം	.. 1
,,	മീനച്ചൽ	.. 2
,,	വൈത്തിരി	.. 3
,,	പാലക്കാട്	.. 2
,,	കൊല്ലം	.. 1
,,	ആലുവ	.. 1
,,	എറണാകുളം	.. 1
	ആകെ	.. 32

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) പതിനാലുകൊല്ലം തനി ശിക്ഷ കഴിഞ്ഞ തടവുകാർ ആരും ഇപ്പോൾ ജയിലുകളിൽ ഇല്ല.

ജയിലുകളിൽ കഴിയുന്ന കുട്ടികൾ

1737 [2619] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സ്വയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന കുട്ടികൾ എത്ര; അവരിൽ ജയിലിൽവെച്ച് പ്രസവിക്കപ്പെട്ടിട്ടുള്ള ആരെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) അവരിൽ അഞ്ചോ അതിലധികമോ വർഷങ്ങളായി ജയിലറകളിൽ കഴിയുന്ന ശിശുക്കൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly